**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3014** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വകയായി എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളോ ഏതെങ്കിലും ഏജൻസികളോ മറ്റാവശ്യത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള ഭൂമിയുടെ വിവരങ്ങൾ റവന്യൂ വകുപ്പിന്റെ അധീനതയിലാണുള്ളത്. അതിർത്തി വ്യക്തത ഉള്ള ഭാഗങ്ങളിലെ കൈയ്യേറ്റങ്ങൾ നോട്ടീസ് കൊടുത്തും പോലീസിനെ ഉപയോഗിച്ചും അതിർത്തി വ്യക്തതയില്ലാത്ത ഭാഗങ്ങളിൽ താലൂക്ക് സർവ്വേയർ അതിർത്തി നിർണ്ണയിച്ചു തരുന്നതനുസരിച്ച് കൈയേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിട വിഭാഗത്തിന്റെ വകയായി പൊതുവാൾ ജംഗ്ഷനിൽ ഓഫീസുകൾ പ്രവൃത്തിച്ചു വരുന്ന 65.25 സെന്റ് ഭൂമിയും, ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ അടുത്ത് സ്ഥിതി ചെയ്യുന്ന പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രം പ്രവർത്തിച്ചു വരുന്ന 73.90 സെന്റ് ഭൂമിയാണ് ഉള്ളത്. ഇത് കൂടാതെ ചെർപ്പുളശ്ശേരിയിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രം പ്രവർത്തിച്ചു വരുന്ന സ്ഥലത്ത് കെ.എസ്.ഇ.ബി, ജില്ലാ ട്രഷറി എന്നീ സ്ഥാപനങ്ങൾക്ക് നൽകിയത് ഒഴിവാക്കിയാൽ നിലവിൽ 4.75 ഏക്കർ സ്ഥലമാണുള്ളത്. ചെർപ്പുളശ്ശേരി റസ്റ്റ് ഹൗസിന്റെ ഭാഗത്ത്, അടുത്ത് താമസിക്കുന്ന ചില വ്യക്തികൾ ചെറിയ രീതിയിൽ കൈയ്യേറ്റം നടത്തിയത് ശ്രദ്ധയിൽപ്പെടുകയും, അവർക്ക് നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ ഭൂമിയുടെ സംരക്ഷണത്തിനായി ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 75.64 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. പാലം വിഭാഗത്തിന്റെ വകയായി പാലങ്ങളോടനുബന്ധിച്ചുള്ള 50 മീറ്റർ നീളത്തിലുള്ള അപ്രോച്ച് റോഡ് മാത്രമാണുള്ളത്. പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളോ ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | ഏജൻസികളോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡിന്റെ വശങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രം, കംഫർട്ട് സ്റ്റേഷനുകൾ എന്നിവ തുടങ്ങുന്നതിന് അനുമതി നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് എത്ര പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇത്തരം കാര്യങ്ങളിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 18 ബസ് വെയിറ്റിംഗ് ഷെഡുകൾക്ക് പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നിന്ന് അനുമതി നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ അനുമതി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ